പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3772 25.06.2013 ലെ മറുപടിയ്ക്ക്

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം കാരുണ്യ ബെനലന്റ് ഫണ്ടിൽ നിന്നും അനുവദിച്ച 27 ഡയാലിസിസ് സെന്ററുകളുടെ ലിസ്റ്റിൽ മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെടുന്നില്ല. പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിടം, ആവശ്യമായ ഡോക്ടർ, മറ്റ് ജീവനക്കാർ എന്നിവ ലഭ്യമാണെങ്കിൽ ധനസഹായത്തിനായി ജില്ലാ മെഡിക്കൽ ആഫീസർ വഴി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും സംസ്ഥാനതല കമ്മറ്റിയുടെ തീരുമാനപ്രകാരം സെന്റർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) കാരുണ്യ ബെനവലെന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച ശേഷം രോഗി മരണപ്പെട്ടാൽ, സഹായധനം രോഗിയുടെ കുടുംബത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ചികിത്സാ ധനസഹായം അനുവദിച്ച ശേഷം രോഗി മരണപ്പെടുന്ന കേസ്സുകളിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച തീയതി മുതൽ രോഗി മരിച്ച തീയതി വരെയുള്ള കാലയളവിലുള്ള ചികിത്സാ ചിലവ് അവകാശികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും റീഫണ്ടായി നൽകുന്നതാണ്. ഇതിനായുള്ള പ്രത്യേക അപേക്ഷ മരണസർട്ടിഫിക്കറ്റ്, തഹസിൽദാരിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റർ ആഫീസിലാണ് നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ.